**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1023** **10-08-2023 - ൽ മറുപടിയ്ക്ക്**

**നെയ്യാർ ഡാമിലെ ലയൺ സഫാരി പാർക്കിൻെറ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാർ ഡാമിലെ ലയൺ സഫാരി പാർക്ക് തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | നെയ്യാർ വന്യജീവി സങ്കേതത്തിലെ ലയൺ സഫാരി പാർക്കിന്റെ പ്രവർത്തനാനുമതി സെൻട്രൽ സൂ അതോറിറ്റിയുടെ 13-12-2021-ലെ 19-186/93-CZA(136)(E) നമ്പർ ഉത്തരവ് പ്രകാരം റദ്ദാക്കിയിട്ടുള്ളതാണ്. സെൻട്രൽ സൂ അതോറിറ്റിയുടെ നിബന്ധന പ്രകാരം ലയൺ സഫാരി പാർക്ക് പ്രവർത്തിക്കുന്നതിന് കുറഞ്ഞത് 20 ഹെക്ടർ വിസ്തൃതി ആവശ്യമാണ്. എന്നാൽ നെയ്യാർ ലയൺ സഫാരി പാർക്കിന് നാല് ഹെക്ടർ വിസ്തൃതി മാത്രമാണുള്ളത്.<br><br>നെയ്യാർ ലയൺ സഫാരി പാർക്ക് നിലവിൽ സ്ഥിതിചെയ്യുന്ന സ്ഥലം നെയ്യാർ ഡാം റിസർവ്വോയറിന് ഉള്ളിലുള്ള ഒരു ദ്വീപ് ആയതിനാൽ ആയതിന്റെ വിസ്തൃതി വർദ്ധിപ്പിക്കുവാൻ നിർവ്വാഹമില്ല. നിലവിൽ വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും മൃഗശാലയും സഫാരി പാർക്കുകളും ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളും മറ്റ് വനേതര പ്രവർത്തനങ്ങളും നടത്തുന്നത് ബഹു. സുപ്രീം കോടതി വിലക്കിയിട്ടുള്ളതാണ്. ആയതിനാൽ നെയ്യാർ വന്യജീവി സങ്കേതത്തിന്റെ ഭാഗമായ വനഭൂമി ലയൺ സഫാരി പാർക്കിന്റെ പ്രവർത്തനത്തിനായി ഏറ്റെടുക്കാൻ കഴിയുന്നതല്ല. |
| (ബി) | അടുത്തിടെ പാർലമെന്റ് പാസ്സാക്കിയ വന സംരക്ഷണ ഭേദഗതി ബില്ലിന്റെ വ്യവസ്ഥകളിൽ ഉൾപ്പെടുത്തി നെയ്യാർ ഡാമിലെ ലയൺ സഫാരി പാർക്ക് വിപുലീകരിക്കാൻ കഴിയുമോ; വിവരം ലഭ്യമാക്കുമോ? | (ബി) | വനം (സംരക്ഷണം) ഭേദഗതി 2023 ആക്ട് പാർലമെൻറ് പാസാക്കി കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക ഗസറ്റ് നമ്പർ 18 ആയി 04.08.2023 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ഭേദഗതി നിയമത്തിന്റെ സെക്ഷൻ 5 സബ് സെക്ഷൻ II (vi) പ്രകാരം മൃഗശാല, സഫാരി പാർക്കുകൾ എന്നിവ സംരക്ഷിത മേഖലയിൽപ്പെടാത്ത വനമേഖലയിൽ ആരംഭിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതായി കാണുന്നത്. ആയതിനാൽ നെയ്യാർ വന്യജീവി |

| | | | |
|---|---|---|---|
| | | | സങ്കേതത്തിനുള്ളിൽ ലയൺ സഫാരി പാർക്ക് വിപുലീകരിക്കുന്നതിന് പ്രസ്തുത ആക്ടിന്റെ ഭേദഗതി പ്രകാരം സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ